**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **01-09-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ വികസനഫണ്ടിൽ കുറവ് ചെയ്ത് പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക് ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സ.ഉ (ആർ.റ്റി) നം.1555/2022/ആ.കവ. തീയതി 26/07/2021 ഉത്തരവ് പ്രകാരം 140 നിയോജകമണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന ഓരോ ആരോഗ്യസ്ഥാപനങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചും മറ്റ് തടസ്സങ്ങൾ നീക്കിയും പദ്ധതി പ്രദേശം സജ്ജമാക്കിയ 90സ്ഥാപനങ്ങളിൽ 86 സ്ഥാപനങ്ങൾക്ക് KMSCL വർക്ക് ഓർഡർ നൽകുകയും ചെയ്തു. 51-ഓളം സ്ഥാപനങ്ങളിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി. കൾക്കും താലൂക്ക് ആശുപത്രികൾക്കും പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സ.ഉ (ആർ.റ്റി) നം.1555/2021/ആ.കവ. തീയതി 26/07/2021 ഉത്തരവ് പ്രകാരം 140 നിയോജകമണ്ഡലങ്ങളിൽ ഓരോ മണ്ഡലത്തിൽ നിന്നും ഒരു ആരോഗ്യ സ്ഥാപനത്തെയാണ് ഐസോലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പ്രവർത്തിക്കായി പെരുമ്പാവൂർ മണ്ഡലത്തിൽ നിന്നും വെങ്ങോല സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് മേൽ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ (ഒരു സ്ഥാപനത്തിൽ) നിർമ്മാണ പ്രവർത്തികൾ 1,34,75,495/- രൂപയും equipments, furniture, medical gas pipeline ഉൾപ്പെടെ മൊത്തം 1,79,06,995/- രൂപയുമാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്. |
| (സി) | ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾക്ക് കെ.എം.എസ്. സി.എൽ-നെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടുള്ളത്. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനാണ് ആദ്യഘട്ട നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രവർത്തി ഉത്തരവ് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ